**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ആവശ്യമായ അംഗീകാരമോ സമ്മതമോ ജല അതോറിട്ടി നൽകിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാൻറ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കു ന്നതിന് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ആവശ്യമായ അം ഗീകാരമോ സമ്മതമോ ജല അതോറിട്ടി നൽ കിയിട്ടില്ല.<br><br>എണ്ണ കമ്പനികൾക്ക് എഥനോൾ ഉൽപാദിപ്പിച്ചു നൽകുന്നതിനായി M/s.Oasis Commercial Pvt. Ltd Company എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻറ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിന്റെ ഭാഗമായ Expression of interest ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം സൂപ്രണ്ടിങ് എൻജിനീയർ പി.എച്ച്. സർക്കിൾ പാലക്കാട് ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച് കത്ത് നൽകിയിരുന്നു. |
| (ബി) | എങ്കിൽ ഏതൊക്കെ യൂണിറ്റുകൾക്കാണ് ജല അതോറിറ്റി അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | പ്രസ്തുത പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാൻ ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ജല അതോറിറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാൻ ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ജല അതോറിറ്റി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ